**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 730 07.02.2013-ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ)സംസ്ഥാനത്ത് വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്, നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) കേരളത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ വർഷത്തിൽ ഏകദേശം 4000 മരുന്നുകളുടെ സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. ടെസ്റ്റ് പാസാകാത്ത മരുന്നുകൾ വിപണിയിൽ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധന വേളകളിൽ ഉറപ്പു വരുത്തുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച കമ്പനിക്കെതിരെ ലംഘനത്തിന്റെ ഗൗരവമനുസരിച്ച് വകുപ്പുതല നടപടികളും പ്രോസിക്യൂഷൻ നടപടികളും എടുക്കാറുണ്ട്. |
| ബി)നിലവിൽ വിറ്റഴിക്കുന്ന ആകെ മരുന്നിന്റെ എത്ര ശതമാനം സാമ്പിൾ എടുത്ത് പരിശോധിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | ബി) 2012 ലെ കണക്കനുസരിച്ച് വിപണിയിൽ വിറ്റഴിക്കുന്ന മരുന്നിന്റെ 2% സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത നടപടി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് പര്യാപ്തമാണോ; | (സി)നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ഒരു മരുന്ന് പരിശോധന ലബോറട്ടറി മാത്രമാണ് ഉള്ളത്. പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ ഇവിടെ പരിശോധിക്കുന്നുണ്ട്. എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തനം ആരംഭിക്കുന്നതോടെ കൂടുതൽ മരുന്നുകളുടെ പരിശോധന സാധ്യമാകും. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ 3 പുതിയ മരുന്ന് പരിശോധന ലബോറട്ടറി കൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ ലാബുകളുടെ എണ്ണം 5 ആകുന്നതോടുകൂടി കേരളത്തിലെ വിപണിയിൽ വിറ്റഴിയുന്ന മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകളുടെ എങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) പരിശോധിക്കുന്നതിനുള്ള സാമ്പിൾ മരുന്നുകൾ, പണം നൽകി വാങ്ങുന്നത് കൊണ്ട് ഉയർന്ന വിലയുള്ള മരുന്നുകളുടെ സാമ്പിളുകൾ ശേഖരിക്കുവാൻ കഴിയുന്നില്ലെന്ന റിപ്പോർട്ട് | (ഡി) സാമ്പിളുകൾ എടുക്കുവാനായി ഒരു വർഷം അനുവദിച്ചിരിക്കുന്ന തുക വളരെ കുറവായതിനാൽ ഉയർന്ന വിലയിലുള്ള മരുന്നുകളുടെ സാമ്പിളുകൾ ശേഖരിക്കുവാൻ പരിമിതികളുണ്ട്. കൂടാതെ താഴ്ന്ന ഊഷ്മാവ് |

| | |
|---|---|
| ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; | (2-8 $^{0}$C) ൽ സൂക്ഷിക്കേണ്ട തായിട്ടുള്ള പ്രതിരോധ കുത്തിവയ്പ് മരുന്നുകൾ ഈ ഊഷ്മാവിൽ നിലനിർത്തികൊണ്ടു വേണം സാമ്പിളുകൾ എടുക്കേണ്ടതും ആയത് നിശ്ചിത ലാബിൽ എത്തിക്കേണ്ട തും നിലവിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കസൗളി (ഹിമാചൽ പ്രദേശ്) സെ ൻട്രൽ റിസർച്ച് ലബോറട്ടറിയിൽ മാത്രമാണ് ഇത്തരം മരുന്നുകളുടെ ടെസ്റ്റിംഗ് സംവിധാനം ഉള്ളത്. ആയതിനാൽ താഴ്ന്ന ഊഷ്മാ വിൽ വിമാന മാർ ഗേന പോകേണ്ട തുള്ളത് കൊണ്ട് ഇത്തരം മരുന്നുകളുടെ സാമ്പിളുകൾ എടുക്കുമ്പോൾ ചെലവ് കൂടുതലായി വരുന്നു. |
| (ഇ) ഇത്തരം പരിശോധന നടത്തുന്നതിനുള്ള ലാബ് ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പുതുതായി എവിടെയെല്ലാം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്; | (ഇ)നിലവിൽ മരുന്നിന്റെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മാത്രമാ ണ് ഉള്ളത്. എറണാകുളത്ത് പുതിയ ലബോറട്ടറിയുടെ പണി ഏകദേശം പൂർത്തിയായി. ഈ വർഷം ആദ്യം തന്നെ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുതുതായി കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ ലബോറട്ടറി തുടങ്ങാൻ പദ്ധതിയുണ്ട്. |
| (എഫ്) സംസ്ഥാനത്ത് വിപണിയിലിറങ്ങുന്ന മരുന്നുകൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ? | (എഫ്)തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയ ശേഷമാണ് ഉത്പാദകർ മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപരികൾ ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വില്പന തടഞ്ഞ് കമ്പനിക്കാർക്കും, വിതരണക്കാർക്കും എതിരെ നിയമ/വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ